**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1131** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ ജലജീവൻ മിഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) | ജല ജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന **ഷൊർണ്ണൂർ** മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു: |
| (ബി) | മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ ജലജീവൻ മിഷന്റെ ഭാഗമായി പൈപ്പിടുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; | (ബി) | മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ ജലജീവൻ മിഷന്റെ ഭാഗമായി പൈപ്പിടുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുമുള്ള അനുമതി സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:<br><br>അനങ്ങനടി<br>• ഒറ്റപ്പാലം-ചെർപ്പുളശ്ശേരി കെ.ആർ.എഫ്.ബി റോഡ് കട്ടിംഗ് അനുമതി ലഭിക്കാനുണ്ട്.<br>• കോതകുറിശ്ശി - ചെറമ്പറ്റക്കാവ് - റോഡ് - ഡി.എൽ.പി നിലനിൽക്കുന്നു. ഒരു വർഷ കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ ഈ റോഡുകളിൽ മൺസൂൺ ബാൻ അവസാനിക്കുന്നതോടുകൂടി അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ചളവറ<br>• ഒറ്റപ്പാലം-ചെർപ്പുളശ്ശേരി കെ.ആർ.എഫ്.ബി റോഡ് കട്ടിംഗ് അനുമതി ലഭിക്കാനുണ്ട്.<br>• വാണിയംകുളം-വല്ലപ്പുഴ പിഡബ്ല്യൂഡി റോഡ് കട്ടിംഗ് അനുമതി ലഭിക്കാനുണ്ട്.<br><br>നെല്ലായ<br>• നെല്ലായ -മാങ്ങാട്ടുകര റോഡ് കട്ടിംഗ് അനുമതി വൈകുന്നു. മൺസൂൺ നിരോധനം മാറിയതിന് ശേഷം അനുമതി പ്രതീക്ഷിക്കുന്നു.<br><br>തൃക്കടീരി |

| | | | |
|---|---|---|---|
| | | | • ഒറ്റപ്പാലം-ചെർപ്പുളശ്ശേരി കെ.ആർ.എഫ്.ബി റോഡ് കട്ടിംഗ് അനുമതി ലഭിക്കാനുണ്ട്.<br><br>വാണിയംകുളം<br><br>• വാണിയംകുളം-വല്ലപ്പുഴ പിഡബ്ല്യുഡി റോഡ് കട്ടിംഗ് അനുമതി ലഭിക്കാനുണ്ട്. |
| (സി) | സംസ്ഥാനത്ത് ജല ജീവൻ മിഷന്റെ പ്രവർത്തനം ഏത് വർഷം വരെ തുടരുന്നതിനാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) | സംസ്ഥാനത്ത് ജല ജീവൻ മിഷന്റെ പ്രവർത്തനം മാർച്ച് 31, 2024- ഓട് കൂടി പൂർത്തി ആക്കുവാൻ ആണ് ലക്ഷ്യമിട്ടിരിക്കുന്നത്.എന്നാൽ പദ്ധതിക്ക് ആവശ്യമായ ഭൂമി സമയത്ത് ലഭ്യമല്ലാത്തതും,വിവിധ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി വൈകുന്നതും മറ്റ് ഏജൻസികളിൽ നിന്നുള്ള അനുമതികൾ ലഭിക്കാനുള്ളതും, കോടതി വ്യവഹാരങ്ങളും മേൽ കാലയളവിലെ പൂർത്തീകരണത്തിന് തടസ്സമാകുന്നുണ്ട്. |
| (ഡി) | ജൽജീവൻ മിഷൻ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ 2024-ൽ പൂർത്തീകരിക്കുന്നതിന് കഴിയുമോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് ജല ജീവൻ മിഷന്റെ പ്രവർത്തനം മാർച്ച് 31, 2024- ഓട് കൂടി പൂർത്തി ആക്കുവാൻ ആണ് ലക്ഷ്യമിട്ടിരിക്കുന്നത്.എന്നാൽ പദ്ധതിക്ക് ആവശ്യമായ ഭൂമി സമയത്ത് ലഭ്യമല്ലാത്തതും,വിവിധ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി വൈകുന്നതും മറ്റ് ഏജൻസികളിൽ നിന്നുള്ള അനുമതികൾ ലഭിക്കാനുള്ളതും, കോടതി വ്യവഹാരങ്ങളും മേൽ കാലയളവിലെ പൂർത്തീകരണത്തിന് തടസ്സമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീട്ടുകൾ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ (05.08.2023 വരെ) | നിലവിൽ മൊത്തം കണക്ഷൻ (05.08.2023 വരെ) |
|---|---|---|---|---|---|---|
| അനങ്ങനടി | 5167 | 1044 | 4223 | 5352.17 | 1597 | 2641 |
| ചളവറ | 5412 | 1150 | 5412 | 7465.67 | 0 | 1150 |
| നെല്ലായ | 6735 | 1126 | 7439 | 2348.00 | 5518 | 6644 |
| ത്രിക്കടേരി | 6229 | 132 | 6229 | 6073.14 | 0 | 132 |
| വാണിയംകുളം | 7762 | 224 | 7541 | 3107.00 | 2979 | 3203 |
| വെള്ളിനേഴി | 4680 | 2465 | 2576 | 997.37 | 2296 | 4761 |
| ആകെ | 35985 | 6141 | 33420 | 25343.35 | 12390 | 18531 |